Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

STATE POLICE MEDIA CENTRE
KERALA POLICE

No.429/PR/SPMC/PHQ/2026 Date:20.09.2026

## പത്രക്കുറിപ്പ്

## ട്രെയിനുകളിൽ കഞ്ചാവ് വേട്ട: മലയാളി ഉൾപ്പെടെ മൂന്നുപേർ അറസ്റ്റിൽ. 34 കിലോ കഞ്ചാവ് പിടിച്ചെടുത്തു

ട്രെയിൻ മാർഗ്ഗം കടത്താൻ ശ്രമിച്ച 34 കിലോയോളം കഞ്ചാവുമായി മലയാളി ഉൾപ്പെടെ മൂന്നുപേർ റെയിൽവേ പോലീസിന്റെയും ആർ.പി.എഫിന്റെയും സംയുക്ത പരിശോധനയിൽ പിടിയിലായി. റെയിൽവേ പോലീസ് നടത്തുന്ന 'ഓപ്പറേഷൻ തൂഫാൻ' സ്പെഷ്യൽ ഡ്രൈവിന്റെ ഭാഗമായിട്ടായിരുന്നു ഈ വൻ ലഹരിവേട്ട.

ശനിയാഴ്ച പകൽ 11 മണിയോടെ പാലക്കാട് ജംഗ്ഷൻ റെയിൽവേ സ്റ്റേഷനിലെ മൂന്നാം നമ്പർ പ്ലാറ്റ്ഫോമിലെ ടോയ്‌ലറ്റിന് സമീപത്ത് വെച്ച് സംശയകരമായ സാഹചര്യത്തിൽ കാണപ്പെട്ട വെസ്റ്റ് ബംഗാൾ സ്വദേശികളായ ഷാഹിദുൽ മാലിക് (28), അസിം ഷെയ്ക്ക് (23), അർന്നു അംകാരിയ വർദ്ധമാൻ എന്നിവരെ റെയിൽവേ പോലീസ് തടഞ്ഞുവെക്കുകയായിരുന്നു. തുടർന്ന് സാക്ഷികളുടെ സാന്നിധ്യത്തിൽ ഇവരുടെ ബാഗ് പരിശോധിച്ചപ്പോൾ 22 കിലോഗ്രാം കഞ്ചാവ്

കണ്ടെത്തുകയും ഇവർക്കെതിരെ പാലക്കാട് റെയിൽവേ പോലീസ് കേസെടുക്കുകയും ചെയ്ത് കോടതിക്ക് മുമ്പാകെ ഹാജരാക്കി.

കൂടാതെ ടാറ്റാ നഗർ എക്സ്പ്രസ്സിന്റെ സ്ലീപ്പർ കോച്ചിൽ ഉപേക്ഷിക്കപ്പെട്ട നിലയിൽ എട്ട് കിലോയോളം കഞ്ചാവ് റെയിൽവേ പോലീസിന്റെയും ആർ.പി.എഫിന്റെയും സംയുക്ത സംഘം കണ്ടെത്തുകയുണ്ടായി. ഈ സംഭവത്തിൽ എറണാകുളം റെയിൽവേ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ഊർജ്ജിതമാക്കിയിട്ടുണ്ട്.

സെപ്റ്റംബർ 17ന് പുലർച്ചെ എറണാകുളം ജംഗ്ഷൻ റെയിൽവേ സ്റ്റേഷനിലെ ആറാം നമ്പർ പ്ലാറ്റ്ഫോമിൽ നടത്തിയ പരിശോധനയിൽ നാല് കിലോ കഞ്ചാവുമായി കൊച്ചി കരിക്കാമുറി മൊണാസ്റ്ററി റോഡ് കളപ്പറമ്പത്ത് വീട്ടിൽ നിധിൻ തദെയൂസ് ആന്റണി (19) അറസ്റ്റിലായിരുന്നു.

ലഹരിവസ്തുക്കളുടെ കടത്ത് പൂർണ്ണമായും തടയുന്നതിനായി റെയിൽവേ സ്റ്റേഷനുകളിലും ട്രെയിനുകളിലും റെയിൽവേ പോലീസും ആർ.പി.എഫും പരിശോധനകൾ കൂടുതൽ ശക്തമാക്കിയിട്ടുണ്ട്. പരിശോധന ഇനിയും തുടരുമെന്ന് റെയിൽവേ പോലീസ് സൂപ്രണ്ട് അറിയിച്ചു.

ഡോ. അഞ്ചൽ കൃഷ്ണകുമാർ,
ഡെപ്യൂട്ടി ഡയറക്ടർ,
സ്റ്റേറ്റ് പോലീസ് മീഡിയ സെന്റർ

****************************